(ഇ) വ്യാവസായികാവശ്യത്തിലേക്ക് ചൂഷണം ചെയ്യാൻവേണ്ടി വിശദപഠനം നടത്തിയെങ്കിലും മേൽപ്പറഞ്ഞ നിക്ഷേപങ്ങളിലൊന്നുംതന്നെ പ്രോത്സാഹനജനകമായി കണ്ടില്ല.

താലൂക്ക് സർവ്വേ ആഫീസുകൾ

* 549 [586] ഡോ. എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരേഖാ പരിപാലനം കാര്യക്ഷമമാക്കുന്നതിന് താലൂക്ക് സർവ്വെ ആഫീസുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞെന്ന് വ്യക്തമാക്കുമോ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഇപ്പോൾ ഉദ്ദേശമില്ല.

(ബി) ഉദിക്കുന്നില്ല.

വില്ലേജുകൾ

* 550 [587] ശ്രീ. കെ. ജെ. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകൾ ഉണ്ട്;

(ബി) 1986 നവംബർ 1 മുതൽ എത്ര വില്ലേജ് ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങി;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജുകൾക്ക് എന്നത്തേക്ക് കെട്ടിടം പണിയും എന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) 1447

(ബി) നിർമ്മാണത്തിൽ ഇരിക്കുന്ന 153 കെട്ടിടങ്ങൾ ഉൾപ്പെടെ 1-11-1986-ൽ 1140 വില്ലേജുകൾക്ക് സ്വന്തം കെട്ടിടം ഉണ്ട്.

(സി) ഒരു സമയബന്ധിത പരിപാടി അനുസരിച്ച് കെട്ടിടം പണി പൂർത്തിയാക്കുന്നതാണ്.

പുതിയ വ്യവസായ യൂണിറ്റുകൾ

* 551 [588] ശ്രീ. കെ. ടി. കണാരൻ:
,, വി. കെ. രാജൻ:
,, പി. കുമാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത് കേരളത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ വ്യവസായയൂണിറ്റുകൾ ഏതെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly